ലേഖനം

●

ഇബ്നു മുഹമ്മദ് വാരിക്കോട്ടിൽ

# യേശു ദൈവപുത്രനോ?

**മനുഷ്യരുമായി വംശബന്ധം സ്ഥാപിക്കപ്പെട്ട ഏതൊരാളും മനുഷ്യനാണെന്നതിൽ ആർക്കും തർക്കമുണ്ടാവില്ലല്ലോ? യേശു തന്നെക്കുറിച്ച് ദൈവപുത്രൻ എന്ന് പരിചയപ്പെടുത്തുന്ന ഒരു വചനം പോലും ബൈബിളിൽ കാണാൻ കഴിയില്ല. പകരം യേശു തന്നെക്കുറിച്ച് പരിചയപ്പെടുത്തുന്നത് മനുഷ്യപുത്രൻ എന്നാണ്. ഇത് ബൈബിളിലുടനീളം കാണാൻ കഴിയും.**

**യേശുവിന്റെ** വംശാവലിയെക്കുറിച്ച് ബൈബിൾ പരാമർശം 'അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശു ക്രിസ്തുവിന്റെ വംശാവലി' എന്നാണ് (മത്തായി 1:1–17). അബ്രഹാമിന്റെയും ദാവീദിന്റെയും കുടുംബ പരമ്പരയിൽ ജനിച്ച അവരെപ്പോലെയുള്ള ഒരു മനുഷ്യനാണ് യേശു എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. മനുഷ്യരുമായി വംശബന്ധം സ്ഥാപിക്കപ്പെട്ട ഏതൊരാളും മനുഷ്യനാണെന്നതിൽ ആർക്കും തർക്കമുണ്ടാവില്ലല്ലോ? യേശു തന്നെക്കുറിച്ച് ദൈവപുത്രൻ എന്ന് പരിചയപ്പെടുത്തുന്ന ഒരു വചനം പോലും ബൈബിളിൽ കാണാൻ കഴിയില്ല. പകരം യേശു തന്നെക്കുറിച്ച് പരിചയപ്പെടുത്തുന്നത് മനുഷ്യപുത്രൻ എന്നാണ്. ഇത് ബൈബിളിലുടനീളം കാണാൻ കഴിയും.

മത്തായി 8:20, 9:6, 10:23, 12:32, 16:27, 17:9, 22, 20:18, 27,28, 26:2, 24:45,64. മാർക്കോസ് 2:10, 9:31, 10:33, 45, 13:26, 14:21, 41. ലൂക്കോസ് 5:24, 6:22, 7:34, 9:22,44,58, 12:8,10, 17:22,30, 18:8,31, 19:10, 21:27,36, 22:22. യോഹന്നാൻ 9:35, 5:27, 12:23, 12:34, 13:31 എന്നീ വചനങ്ങൾ കാണുക.

ഇതിൽ യോഹന്നാൻ 9:35 വചനത്തിന് ചില പ്രതി

**യേശു ദൈവത്തെ തന്റെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. ജനിപ്പിക്കൽ പ്രക്രിയയിലൂടെയുള്ള പിതാവായിട്ടല്ല യേശു ദൈവത്തെ അങ്ങനെ വിശേഷിപ്പിച്ചത്. തന്റെ പിതാവ് എന്ന് ദൈവത്തെ വിശേഷിപ്പിക്കുന്നതോടൊപ്പം എല്ലാവരുടെയും പിതാവ് എന്നുകൂടി വിശേഷിപ്പിക്കുന്നു. അതോടൊപ്പം മറ്റൊരാളെയും പിതാവ് എന്ന് വിളിക്കരുതെന്നും നിങ്ങൾക്ക് പിതാവായി ദൈവം മാത്രമാണുള്ളതെന്നും യേശു ഉദ്ബോധിപ്പിക്കുന്നു.**

കളിൽ മാത്രം ദൈവപുത്രൻ എന്നർഥം കൊടുത്തിരിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷവും മനുഷ്യപുത്രൻ എന്നാണ് കാണാൻ കഴിയുന്നത്. മനുഷ്യപുത്രൻ എന്നതും ദൈവപുത്രൻ എന്നതും രണ്ടും രണ്ടാണ്. ദൈവവും മുഷ്യനും ഒന്നാണെന്ന് പറയാമോ? ഇല്ല തന്നെ. പിന്നെയെങ്ങനെയാണ് ഒരു വാക്കിന് രണ്ട് അർഥം വരുന്നത്? മുകളിലുദ്ധരിച്ച മുഴുവൻ വചനങ്ങളും യേശുവിന്റേതാണ്. യേശു തന്നെ അദ്ദേഹത്തെ 'മനുഷ്യപുത്രൻ' എന്ന് പറയുമ്പോൾ അതിന് വിപരീതമായി ദൈവപുത്രൻ എന്ന് പറയുന്നവർ യേശുവിന്റെ വചനങ്ങളിലാണോ വിശ്വസിക്കുന്നത്?

യേശുവിനെ മനുഷ്യബന്ധം ചാർത്തിയാണ് യേശുവിന്റെ ജനം അദ്ദേഹത്തെ അഭിസംബോധന ചെയ്തിരുന്നത്. 'ദാവീദിന്റെ പുത്രാ' എന്ന് പലരും യേശുവിനെ വിളിച്ചിരുന്നു. "യേശു യെറീക്കോയിൽനിന്ന് പുറപ്പെട്ടപ്പോൾ ഒരു ജനക്കൂട്ടം അവനെ അനുഗമിച്ചു. യേശു അതിലെ കടന്നു പോകുന്നതായി കേട്ടു വഴിയരികിൽ ഇരുന്ന രണ്ട് അന്ധർ ഉച്ചത്തിൽ നിലവിളിച്ചു. 'ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കരുണ തോന്നേണമേ.' മിണ്ടാതിരിക്കാൻ പറഞ്ഞു ജനക്കൂട്ടം അവരെ ശാസിച്ചു. പക്ഷേ, അവർ ഉറക്കെയുറക്കെ നിലവിളിച്ചു. 'ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കരുണ തോന്നേണമേ.' യേശു അവിടെ നിന്നിട്ട് അവരെ വിളിച്ചു ചോദിച്ചു: 'ഞാൻ എന്തു ചെയ്തു തരണമെന്നാണ് നിങ്ങളുടെ ആഗ്രഹം'? അവർ പറഞ്ഞു: 'കർത്താവേ, ഞങ്ങളുടെ കണ്ണ് തുറന്ന് തരേണമേ'. യേശു മനസ്സലിഞ്ഞ് അവരുടെ കണ്ണുകളിൽ തൊട്ടു. ഉടനെ അവർക്ക് കാഴ്ച ലഭിച്ചു" (മത്തായി 20:29–34, മർക്കോ 10:46–52, ലൂക്കോ 18:35–43). യേശുവിന്റെ ജറൂസലം പ്രവേശന സമയത്ത് യേശുവിന്റെ കൂടെ സഞ്ചിരിച്ചിരുന്ന ജനക്കൂട്ടം, 'ദാവീദിന്റെ പുത്രന് ഓശാന' എന്ന് വിളിച്ചു പറഞ്ഞിരുന്നു (മത്തായി 21:9).

ഈ വചനങ്ങളെല്ലാം യേശുവിനെ ദാദീവിന്റെ പുത്രനായാണ് പഠിപ്പിക്കുന്നത്; ദൈവത്തിന്റെ പുത്രനായിട്ടല്ല. യേശുവിനെ ദൈവത്തിന്റെ പുത്രൻ എന്ന് വെളിപ്പെടുത്തിയത് പിശാചുക്കളായിരുന്നു. യേശു അവയെ ശാസിച്ച് അങ്ങനെ പറയുന്നത് വിലക്കിയ വചനങ്ങൾ ശ്രദ്ധിക്കുക.

"അവൻ തന്റെ കൈകൾ ഓരോരുത്തരുടെയും മേൽ വെച്ച് അവരെ സുഖപ്പെടുത്തി. പലരിൽനിന്നും പിശാചുക്കൾ പുറത്ത് വന്നു. അവ നിലവിളിച്ചു: 'നീ ദൈവപുത്രനാണ്.' എന്നാൽ അവൻ അവയെ ശാസിച്ചു" (ലൂക്കോ 4:41). "അശുദ്ധാത്മാക്കൾ അവനെ കണ്ടപ്പോഴെല്ലാം അവന്റെ മുമ്പിൽ വീണു 'നീ ദൈവപുത്രനാണ്' എന്ന് വിളിച്ചുപറഞ്ഞു. എന്നാൽ തന്നെ വെളിപ്പെടുത്തരു

തെന്ന് അവൻ അവരെ കർശനമായി വിലക്കി" (മാർക്കോ 3:11,12).

ഇവിടെ തന്നെ വെളിപ്പെടുത്തരുതെന്ന് യേശു പറഞ്ഞതായാണ് മാർക്കോസ് രേഖപ്പെടുത്തിയത്. എന്നാൽ യഥാർഥത്തിൽ, ദൈവപുത്രനായി തന്നെ ചിത്രീകരിക്കരുതെന്നാണ് യേശു പറഞ്ഞത്. കാരണം, യേശു അത്ഭുതങ്ങൾ കാണിക്കുന്നതുതന്നെ താൻ ദൈവത്തിൽ നിന്നുള്ളവനാണ് എന്ന് ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നല്ലോ? മറ്റൊരു വസ്തുത കൂടി മനസ്സിലാക്കണം. ദൈവ വിശ്വാസികളെ പൊതുവെ 'ദൈവമക്കൾ' എന്ന് ബൈബിൾ പരിചയപ്പെടുത്തുന്നുണ്ട്. അതിൽ ദിവ്യത്വത്തിന്റെ പ്രശ്നമൊന്നുമില്ല. വിശ്വാസിയെ ദൈവപുത്രനെന്നും അവിശ്വാസിയെ പിശാചിന്റെ പുത്രനെന്നും വിളിക്കുന്നത് അന്നത്തെ ഒരു ഭാഷാ പ്രയോഗമായിരുന്നു. ഇത് വ്യക്തമാക്കുന്ന ഏതാനും ബൈബിൾ വചനങ്ങൾ ശ്രദ്ധിക്കുക.

യേശു പറയുന്നു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ ദ്രോഹിക്കുന്നവർക്ക് വേണ്ടി പ്രാർഥിക്കുക. അങ്ങനെയാണ് നിങ്ങൾ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രന്മാരായിത്തീരുക" (മത്തായി 5:45).

ശത്രുക്കളെ പോലും മിത്രമായി കാണുന്നവനേ ഒരു നല്ല വിശ്വാസിയാവാൻ കഴിയൂ എന്ന അർഥത്തിലാണിത് പറയുന്നതെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ജനിപ്പിക്കൽ പ്രക്രിയയിലൂടെ ഉണ്ടാവുന്ന പുത്രരാണെങ്കിൽ, ഭക്തിയുള്ളവനായാലും ഇല്ലാത്തവനായാലും പിതാവിന്റെ ഇഷ്ടം നിറവേറ്റുന്ന മകനായാലും ഇല്ലെങ്കിലും പുത്രൻ എന്ന അവസ്ഥ നീങ്ങുകയില്ലല്ലോ?

"സമാധാനസ്ഥാപകർ സൗഭാഗ്യവാന്മാർ! അവർ ദൈവപുത്രന്മാർ എന്ന് വിളിക്കപ്പെടും" (മത്തായി 5:9), "യേശുവാണ് ക്രിസ്തു എന്ന് വിശ്വസിക്കുന്ന ഏവനും ദൈവത്തിൽനിന്ന് ജനിച്ചവനാണ്" (1 യോഹ 5:1), "ദൈവത്തിൽനിന്ന് ജനിച്ചവരാരും പാപം ചെയ്യുന്നില്ല, കാരണം ദൈവത്തിന്റെ പ്രകൃതി അയാളിൽ കുടികൊള്ളുന്നു. ദൈവത്തിൽനിന്ന് ജനിച്ചവനായതുകൊണ്ട് അയാൾക്ക് പാപം ചെയ്യാൻ സാധ്യമല്ല" (1 യോഹ 3:9,10). ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ സന്തതികൾ ആരെന്നും ഇതിൽനിന്ന് മനസ്സിലാക്കാം.

ദൈവപുത്രൻ അല്ലെങ്കിൽ ദൈവത്തിൽനിന്ന് ജനിച്ചവൻ എന്നതുകൊണ്ടുള്ള വിവക്ഷ യഥാർഥത്തിലുള്ള മക്കൾ അല്ല എന്നും, വിശ്വാസിയെ കുറിക്കുന്ന ഒരു ഭാഷാ പ്രയോഗമാണെന്നും ഇതിൽനിന്നും വ്യക്തമാണ്. പാപത്തിന്റെ കറപുരളാത്ത യേശുവിന്റെ ജീവിത നൈർമല്യം കൊണ്ട് അന്നത്തെ ജനങ്ങളിൽ വെച്ച് യേശു ഉൽകൃഷ്ടനായതു കൊണ്ടാവാം, "അവന്റെ തേജസ് പിതാവിൽനിന്നുള്ള ഏകജാതന്റെ തേജസ്സായി ഞങ്ങൾ കണ്ടു" (യോഹ 1:14) എന്ന് യോഹന്നാൻ എഴുതിയത്.

പുരുഷ സ്പർശമില്ലാതെ കന്യകയായ മറിയമിൽനിന്ന് യേശു ജനിച്ചു എന്നതാണ് യേശുവിനെ ദൈവപുത്രൻ എന്ന് പറയാൻ ന്യായമെങ്കിൽ ആദിമ മനുഷ്യനായ ആദമിനെ കുറിച്ചെന്ത് പറയും? അദ്ദേഹത്തിന് പിതാവും മാതാവും ഇല്ലായിരുന്നല്ലോ? 'ആദാം ദൈവത്തിന്റെ പുത്രൻ' എന്നെഴുതാൻ ലൂക്കോസിനെ പ്രേരിപ്പിച്ചതും ഇതു തന്നെയാവും. സർവ ജീവജാലങ്ങളെയും അതുൾക്കൊള്ളുന്ന പ്രപഞ്ചത്തെയും സൃഷ്ടിച്ച ദൈവം തന്നെയാണ് മനുഷ്യനെയും സൃഷ്ടിച്ചത്. ഭൂമിയോ അതിലെ ജീവജാലങ്ങളോ ആകാശമോ സർവ പ്രപഞ്ചമോ തന്നെയും ദൈവം ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചു എന്ന കാരണത്താൽ 'ദൈവത്തിന്റെ സന്തതി' എന്ന് വിശേഷിപ്പിക്കാവതല്ല. എന്ന പോലെ തന്നെയാണ് ആദിമ

**ദൈവ വിശ്വാസികളെ പൊതുവെ 'ദൈവമക്കൾ' എന്ന് ബൈബിൾ പരിചയപ്പെടുത്തുന്നുണ്ട്. അതിൽ ദിവ്യത്വത്തിന്റെ പ്രശ്നമൊന്നുമില്ല. വിശ്വാസിയെ ദൈവപുത്രനെന്നും അവിശ്വാസിയെ പിശാചിന്റെ പുത്രനെന്നുംവിളിക്കുന്നത് അന്നത്തെ ഒരു ഭാഷാ പ്രയോഗമായിരുന്നു.**

മനുഷ്യനായ ആദമിന്റെയും സർവ മനുഷ്യരുടെയും കന്യകയിൽ പുരുഷ സ്പർശമില്ലാതെ പിറന്ന യേശുവിന്റെയും സ്ഥിതി. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികൾ. അവയിൽ ഓരോന്നിനും വ്യത്യസ്തമായ പദവികൾ ദൈവം നൽകി എന്നു മാത്രം.

## പിതാവ് എന്ന സംബോധന?

യേശു ദൈവത്തെ തന്റെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. ഇത് മുമ്പ് വ്യക്തമാക്കിയതു പോലെ, ജനിപ്പിക്കൽ പ്രക്രിയയിലൂടെയുള്ള പിതാവായിട്ടല്ല യേശു ദൈവത്തെ അങ്ങനെ വിശേഷിപ്പിച്ചത്. തന്റെ പിതാവ് എന്ന് ദൈവത്തെ വിശേഷിപ്പിക്കുന്നതോടൊപ്പം എല്ലാവരുടെയും പിതാവ് എന്നുകൂടി വിശേഷിപ്പിക്കുന്നു. അതോടൊപ്പം മറ്റൊരാളെയും പിതാവ് എന്ന് വിളിക്കരുതെന്നും നിങ്ങൾക്ക് പിതാവായി ദൈവം മാത്രമാണുള്ളതെന്നും യേശു ഉദ്ബോധിപ്പിക്കുന്നു. "മനുഷ്യരെ കാണിക്കാൻ വേണ്ടി അവരുടെ മുമ്പിൽ വെച്ച് പുണ്യകർമങ്ങൾ ചെയ്യാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കുക. അല്ലാത്തപക്ഷം നിങ്ങൾക്ക് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിൽനിന്ന് പ്രതിഫലം ലഭിക്കയില്ല" (മത്തായി 6:1). "നീ പ്രാർഥിക്കുമ്പോൾ നിന്റെ ഉള്ളറയിൽ കയറി നിന്റെ വാതിലടച്ച്, അവിടെ അദൃശ്യനായി വസിക്കുന്ന നിന്റെ പിതാവിനോട് പ്രാർഥിക്കുക. രഹസ്യമായി കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും" (മത്തായി 6:6). "നിങ്ങൾ ചോദിക്കും മുമ്പ് തന്നെ നിങ്ങളുടെ ആവശ്യമെന്തെന്ന് നിങ്ങളുടെ പിതാവിന്നറിയാം" (മത്തായി 6:8). "ഇങ്ങനെ പ്രാർഥിക്കുക: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പൂജിതമാകണമേ" (മത്തായി 6:9). "മനുഷ്യരുടെ തെറ്റുകൾ അവരോട് നിങ്ങൾ ക്ഷമിക്കുമെങ്കിൽ നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും. മനുഷ്യരുടെ തെറ്റുകൾ അവരോട് നിങ്ങൾ ക്ഷമിക്കുകയില്ലാ എങ്കിൽ നിങ്ങളുടെ പിതാവും നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുകയില്ല" (മത്തായി 6:14,15).

മേലുദ്ധരിച്ച വചനങ്ങളിലെല്ലാം യേശു ദൈവത്തെ നിങ്ങളുടെ പിതാവ് എന്നാണ് വിശേഷിപ്പിക്കുന്നത്. 'എന്റെ പിതാവ്' (മത്തായി 7:21, 10:32,33, 11:27, 16:17, 20:23) എന്ന് വിശേഷിപ്പിക്കുന്ന അതേ യേശു തന്നെ 'നിങ്ങളുടെ പിതാവ്' എന്നും പറയുന്നുണ്ട്. പ്രാർഥിക്കുമ്പോൾ 'ഞങ്ങളുടെ പിതാവേ' എന്ന് വിളിച്ചു പ്രാർഥിക്കണമെന്നും പറയുന്നു. ദൈവത്തെ 'പിതാവ്' എന്ന് സംബോധന ചെയ്യൽ യേശുവിന് മാത്രമുള്ളതല്ലെന്നും എല്ലാ ജനങ്ങൾക്കും ഒരുപോലെയാണന്നും പ്രസ്തുത വാക്യങ്ങൾ പഠിപ്പിക്കുന്നു. പൗലോസിന്റെ ലേഖനങ്ങളിലും ദൈവത്തെ 'നമ്മുടെ പിതാവ്' എന്ന് വിശേഷിപ്പിച്ചതായി കാണാം (1 കോറി 1:3, 2 കോറി 1:2, ഗലാത്തിയക്കാർ 1:3, എഫസോസുകാർ 1:2, ഫിലിപ്പിയർ 1:2, കൊളോസിയക്കാർ 1:2 തെസലോനിക്ക 1:1, 2:16, ഫിലേമോൻ 1:3).

പിതാവ് എന്നതിന്റെ വിവക്ഷ എന്തെന്നും യേശു വ്യക്തമാക്കുന്നുണ്ട്: "ഭൂമി

യിൽ ഒരു മനുഷ്യനെയും നിങ്ങൾ പിതാവ് എന്ന് വിളിക്കരുത്. കാരണം നിങ്ങൾക്ക് ഒരു പിതാവേയുള്ളൂ. അവൻ സ്വർഗസ്ഥനാണ്" (മത്തായി 23:9).

"ദൈവമാണ് നിങ്ങളുടെ പിതാവെങ്കിൽ നിങ്ങളെന്നെ സ്നേഹിക്കുമായിരുന്നു" (യോഹ 8:42). "നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്നുള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ആഗ്രഹം നിറവേറ്റാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. അവൻ ആദി മുതലേ കൊലയാളിയായിരുന്നു. അവന് സത്യവുമായി ബന്ധമേ ഇല്ല" (യോഹ 8:44).

യേശുവിനെ കൊല്ലാൻ ആഗ്രഹിച്ചു നടന്നിരുന്ന യഹൂദരോടാണ് യേശു ഇങ്ങനെ പറഞ്ഞത്. ഈ വചനത്തിൽനിന്ന് യേശുവിനെ സ്നേഹിക്കുന്നവരുടെ പിതാവ് ദൈവമാണെന്നും എതിർക്കുന്നവരുടെയും കൊല്ലാൻ ഇഛിക്കുന്നവരുടെയും പിതാവ് പിശാചാണെന്നും ബോധ്യമാവും. കൂടാതെ ദൈവത്തെ പിതാവ് എന്ന് വിളിക്കുന്ന അതേ അർഥത്തിൽ ഭൂമിയിൽ ഒരു മനുഷ്യനെയും പിതാവ് എന്ന് വിളിക്കാൻ പാടില്ലെന്ന് മത്തായി 23:9 വചനവും നിഷ്കർഷിക്കുന്നു. ദൈവത്തെ ജനിപ്പിക്കൽ പ്രക്രിയയിലൂടെയുള്ള പിതാവായോ യേശുവിനെ ദൈവത്തിന്റെ ഏകജാതനോ പുത്രനോ ആയോ യേശു വ്യക്തമാക്കുന്ന ഒരു വചനം പോലും ബൈബിളിൽ കാണാൻ കഴിയില്ല. ഭാഷാപരമായ അന്നത്തെ ഒരു പ്രയോഗം എന്ന നിലക്കേ അതിനെ കാണേണ്ടതുള്ളൂ.

** ** **

"ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ലതന്നെ. അവനെത്രയോ പരിശുദ്ധൻ. ഒരു കാര്യം തീരുമാനിച്ചാൽ അതിനോട് ഉണ്ടാകുക എന്ന് പറയുക മാത്രമാണവൻ ചെയ്യുക. അപ്പോൾ അതുണ്ടാകുന്നു" (ഖുർആൻ 19:35).

## യേശു ദൈവത്തിന്റെ പ്രവാചകൻ

യേശു പ്രവാചകനാണെന്ന് വ്യക്തമാക്കുന്ന ബൈബിൾ വചനങ്ങൾ ധാരാളമുണ്ട്. താൻ ഒരു പ്രവാചകനാണെന്ന് യേശു തന്നെ വ്യക്തമാക്കുന്ന ബൈബിൾ വാക്യങ്ങൾ ശ്രദ്ധിക്കുക:

"യേശു തന്റെ സ്വദേശത്ത് വന്ന് പ്രബോധനം നടത്തുമ്പോൾ ആ നാട്ടുകാർ യേശുവിൽ വിശ്വസിക്കായ്ക നിമിത്തം യേശു അവരോട് പറഞ്ഞു: ഒരു പ്രവാചകന് സ്വദേശത്തും സ്വഭവനത്തിലും മാത്രമേ ബഹുമതി ലഭിക്കാതിരിക്കുന്നുള്ളൂ" (മത്തായി 13:57, മർക്കോ 6:4, ലൂക്കോ 4:24). ചില ഫരിസേയർ വന്ന് അവനോട് (യേശുവിനോട്) പറഞ്ഞു: "ഇവിടെ നിന്ന് പോകുക, ഹെറോദേസ് നിന്നെ കൊല്ലാൻ ആഗ്രഹിക്കുന്നു." അവൻ അവരോട് പറഞ്ഞു: "പോയി ആ കുറുക്കനോട് പറയൂ: ഇതാ ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നൽകുകയും മൂന്നാം ദിവസം എന്റെ യാത്ര അവസാനിപ്പിക്കുകയും ചെയ്യും. ഏതായാലും എനിക്ക് ഇന്നും നാളെയും മറ്റന്നാളും എന്റെ യാത്ര തുടരേണ്ടതുണ്ട്, കാരണം ജറുസലേമിന് പുറത്ത് വെച്ച് ഒരു പ്രവാചകൻ മരിക്കാൻ പാടില്ലല്ലോ" (ലൂക്കോ 13:31–33).

ഈ വചനങ്ങളിലൂടെ യേശു സ്വയം തന്നെ പ്രവാചകനായി സാക്ഷീകരിക്കുന്നത് കാണാം. മുൻ കാലങ്ങളിൽ കഴിഞ്ഞുപോയ പ്രവാചകന്മാരെ പോലെ ഒരു പ്രവാചകനാണ് താനുമെന്ന് യേശുവിന്റെ വചനങ്ങൾ സൂചിപ്പിക്കുന്നുമുണ്ട്.

“ഞങ്ങൾ അറിയുന്നവ ഞങ്ങൾ പറയുന്നു; ഞങ്ങൾ കണ്ടതിന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. എന്നാൽ നിങ്ങൾ ഞങ്ങളുടെ സാക്ഷ്യം കൈക്കൊള്ളുന്നില്ല” (യോഹ 3:11).

ഇവിടെ ഞങ്ങൾ എന്ന് പറഞ്ഞതിലൂടെ മുൻകാല പ്രവാചകരെപ്പോലെ തന്നെയാണ് യേശുവും എന്ന് വ്യക്തമാക്കുകയാണ്. സ്നാപക യോഹന്നാൻ (യഹ്‌യാ നബി), യെശയ്യാ, യോനാ (യൂനുസ് നബി) ദാനിയേൽ തുടങ്ങിയവരെയെല്ലാം പ്രവാചകൻ എന്നു തന്നെയാണ് ബൈബിൾ വിശേഷിപ്പിച്ചിരിക്കുന്നത് (മത്തായി 14:5, 12:17,12:39, 24:15).

താൻ സ്വന്തമായി വന്നതല്ലെന്നും തന്നെ ദൈവം അയച്ചതാണെന്നും യേശു വ്യക്തമാക്കുന്ന വചനങ്ങൾ കാണുക:

“എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല വിശ്വസിക്കുന്നത് എന്നെ അയച്ചവനിലാണ്” (യോഹ 12:44), “എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു” (യോഹ 13:20), “നീ എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കേണ്ടതിന് ഞാൻ പ്രാർഥിക്കുന്നു” (യോഹ 17:21), “ഞാൻ ദൈവത്തിൽനിന്ന് പുറപ്പെട്ട് വന്നിരിക്കുന്നു. ഞാൻ സ്വമേധയാ വന്നവനല്ല. അവൻ എന്നെ അയച്ചതാണ്” (യോഹ 8:42), “എന്റെ പ്രബോധനം എന്റെതല്ല, എന്നെ അയച്ചവന്റെതാണ്” (യോഹ 7:16).

ഈ വചനങ്ങളിലൂടെയെല്ലാം യേശു താൻ സ്വമേധയാ വന്നതല്ലെന്നും ദൈവം അയച്ചതാണെന്നും വ്യക്തമാക്കുന്നു. “എന്നെ അയച്ചവൻ സത്യവാനാണ്, അവനിൽനിന്ന് കേട്ടത് ഞാൻ ലോകത്തെ അറിയിക്കുന്നു” (യോഹ 8:26). ഈ വചനത്തിലൂടെ ദൈവം നിയോഗിച്ചയച്ച ദൈവത്തിന്റെ ദൂതനാണ് യേശുവെന്നും ദൈവത്തിൽനിന്ന് കേട്ടത് മാത്രമേ അദ്ദേഹം പ്രബോധനം ചെയ്യുന്നുള്ളൂ എന്നും വ്യക്തമാണ്. എല്ലാ പ്രവാചകന്മാരും ഇങ്ങനെ തന്നെയായിരുന്നു. യേശുവിനെ ദൈവം പ്രബോധനത്തിനായി നിയോഗിച്ചയച്ചതാണെന്ന് വ്യക്തമാക്കുന്ന ധാരാളം വചനങ്ങൾ ബൈബിളിലുണ്ട്. മത്തായി 10:40, യോഹന്നാൻ 4:34, 5:30, 37,39,43, 6:29, 7:16,28,29, 8:16,29, 11:42, 12:44,49, 13:20, 15:21, 17:3 എന്നിവ അവയിൽ ചിലത് മാത്രം.

യേശുവിന്റെ കാലഘട്ടത്തിലെ ജനങ്ങളും യേശുവിനെ പ്രവാചകനായിട്ട് തന്നെയായിരുന്നു കണ്ടിരുന്നത്. യേശുവിനെ നിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്ന ഒരു വിഭാഗമുണ്ടായിരുന്നു എന്നതുപോലെ യേശുവിൽ വിശ്വസിക്കുന്നവരും അന്നുണ്ടായിരുന്നു. അവരെല്ലാം യേശു പ്രവാചകനാണെന്ന് വിശ്വസിച്ചിരുന്നു എന്ന് ബൈബിൾ പരാമർശങ്ങളിൽനിന്ന് വ്യക്തമാണ്.

“നയിൻ എന്നു പേരുള്ള നഗരത്തിലേക്ക് യേശു പോയി. അവന്റെ ശിഷ്യന്മാരും വലിയ ഒരു ജനക്കൂട്ടവും അവനെ അനുഗമിച്ചു. അവൻ നഗരവാതിലിനടുത്ത് എത്തിയപ്പോൾ ഇതാ, ഒരുവന്റെ മൃതശരീരം പുറത്തേക്ക് ചുമന്ന് കൊണ്ടുവരുന്നു. അയാൾ അമ്മയുടെ ഏകപുത്രനായിരുന്നു. അവൾ വിധവയുമായിരുന്നു. നഗരത്തിൽ നിന്നുള്ള ഒരു വലിയ ജനക്കൂട്ടം അവളോടൊത്ത് ഉണ്ടായിരുന്നു. അവളെ കണ്ടപ്പോൾ കർത്താവിന് അവളിൽ അലിവ് തോന്നി. അവൻ അവളോട് പറഞ്ഞു: ‘കരയേണ്ട.’ അവൻ ചെന്ന് ശവമഞ്ചത്തിൽ തൊട്ടു. ശവമഞ്ചം ചുമന്നിരുന്നവർ നിന്നു. അവൻ പറഞ്ഞു: ‘യുവാവേ, ഞാൻ നിന്നോട് പറയുന്നു: എഴുന്നേൽക്കുക’ മരിച്ചവൻ എഴുന്നേറ്റിരുന്നു സംസാരിക്കാൻ തുടങ്ങി. അവൻ

**‘എന്നെ അയച്ചവൻ സത്യവാനാണ്, അവനിൽനിന്ന് കേട്ടത് ഞാൻ ലോകത്തെ അറിയിക്കുന്നു” (യോഹ 8:26). ഈ വചനത്തിലൂടെ ദൈവം നിയോഗിച്ചയച്ച ദൈവത്തിന്റെ ദൂതനാണ് യേശുവെന്നും ദൈവത്തിൽനിന്ന് കേട്ടത് മാത്രമേ അദ്ദേഹം പ്രബോധനം ചെയ്യുന്നുള്ളൂ എന്നും വ്യക്തമാണ്. യേശുവിനെ ദൈവം പ്രബോധനത്തിനായി നിയോഗിച്ചയച്ചതാണെന്ന് വ്യക്തമാക്കുന്ന ധാരാളം വചനങ്ങൾ ബൈബിളിലുണ്ട്.**

അയാളെ അമ്മക്ക് ഏൽപിച്ചു കൊടുത്തു. ഭയം എല്ലാവരെയും പിടികൂടി. അവർ ദൈവത്തെ സ്തുതിച്ചു പറഞ്ഞു: നമ്മുടെ ഇടയിൽ ഒരു മഹാ പ്രവാചകനുണ്ടായിരിക്കുന്നു” (ലൂക്കോ 7:11–16).

ഇത്രയും വലിയ അത്ഭുതം ദർശിച്ച ആ ജനത യേശുവിനെ ഒരു പ്രവാചകനായാണ് കണ്ടിരുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. യേശുവിന്റെ ജറുസലേം പ്രവേശന സമയത്ത് നഗരം മുഴുവൻ ഇളകുകയും ആരാണിവൻ എന്നന്വേഷിക്കുകയും ചെയ്തപ്പോൾ, ‘ഇവൻ ഗലീലയിലെ നസ്രേത്തിൽ നിന്നു വരുന്ന പ്രവാചകനായ യേശുവാകുന്നു’ എന്ന് ജനക്കൂട്ടം പറഞ്ഞു (മത്തായി 21:11).

ഒരു കാര്യം സ്പഷ്ടമാണ്. യേശു ഒരു പ്രവാചകനാണെന്ന് ജനക്കൂട്ടം മുഴുവൻ വിശ്വസിച്ചിരുന്നു. അത് ഒറ്റപ്പെട്ട ചിലരുടെ വിശ്വാസമായിരുന്നില്ല.

** ** **

“മർയമിന്റെ പുത്രൻ മസീഹ് ഒരു ദൂതൻ (പ്രവാചകൻ) മാത്രമാണ്. അദ്ദേഹത്തിന് മുമ്പ് കുറെ ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്” (ഖുർആൻ 5:75). ■